"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 495/08 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1363/2025/LSGD തീയതി, തിരുവനന്തപുരം, 02-06-2025**

പരാമർശം:-
1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 04/02/2025 തീയതിയിലെ DCTVM/2084/2024-K9 നമ്പർ കത്ത്.
2. സ.ഉ.(സാധാ ) നം. 541/2025/ത.സ്വ.ഭ.വ, തീയതി, 24/02/2025.
3. സ.ഉ.(സാധാ)നം.4118/2025/ധന, തീയതി, 06/05/2025.

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ 0.33 ആർ സ്ഥലം (0.23 + 0.10) ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 495/2008 നമ്പർ കേസിലെ ഒന്നാം കക്ഷിയായ ശ്രീ. മുസ്തഫയ്ക്ക് 14,20,959/- (പതിനാല് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി അമ്പത്തിയൊമ്പത് രൂപ മാത്രം) രൂപയും രണ്ടാം കക്ഷിയായ ശ്രീ. ഷാഹുൽ ഹമീദിന് 6,17,808/- (ആറ് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി എട്ട് രൂപ മാത്രം) രൂപയും ഉൾപ്പടെ ആകെ 20,38,767/ - (ഇരുപത് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി എഴുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) രൂപ അടിയന്തരമായി അനുവദിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 495/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 20,38,767/ - (ഇരുപത് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി എഴുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) ടി കേസിലെ കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം '4217-60-800-93-Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 20,39,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തൈക്കാട്

വില്ലേജിലെ 0.33 ആർ സ്ഥലം (0.23 + 0.10 ) ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 495/2008 നമ്പർ കേസിലെ ഒന്നാം കക്ഷിയായ ശ്രീ. മുസ്തഫയ്ക്ക് 14,20,959/- (പതിനാല് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി അമ്പത്തിയൊമ്പത് രൂപ മാത്രം) രൂപയും രണ്ടാം കക്ഷിയായ ശ്രീ. ഷാഹുൽ ഹമീദിന് 6,17,808/- (ആറ് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി എട്ട് രൂപ മാത്രം) രൂപയും ഉൾപ്പടെ ആകെ 20,38,767/ - രൂപ (ഇരുപത് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി എഴുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും, അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീ. മുസ്തഫ, റ്റി.സി.20/1226, സജിന മൻസിൽ, കരമന, മേലാറന്നൂർ, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖാന്തിരം).
ശ്രീ. ഷാഹുൽ ഹമീദ് റ്റി.സി.20/1332(3), സജിന മൻസിൽ, കരമന, മേലാറന്നൂർ, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/106/2023-Fin dated 14/05/2025)
തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ് (ഐ.എ.4/182/2022/തസ്വഭവ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/184 /2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 03-06-2025 16:26:47

സെക്ഷൻ ഓഫീസർ